I/142391/2022


ഭരണഭാഷ-മാതൃഭാഷ

ലാൻഡ് റവന്യൂ വകുപ്പ്

**ജില്ലാ കളക്ടറുടെ കാര്യാലയം, കോട്ടയം-686002**

ഫോൺ-0481 2562201 ഫാക്സ്-0481 2303303

ഇ-മെയിൽ : collectoratektm.ker@nic.in


DCKTM/7315/2019-G2 27-06-2022

ജില്ലാ കളക്ടർ

കോട്ടയം

അഡീഷണൽ ചീഫ് സെക്രട്ടറി

റവന്യൂ (ബി) വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം: ഏറ്റുമാനൂർ കുടിവെള്ള പദ്ധതി-19 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന: 1. ജി.ഒ( ആര്.ടി) 204/2020/ആർ.ഡി തീയതി: 16.01.2020

2. ഏറ്റുമാനൂർ കുടിവെള്ള പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി പ്രസിദ്ധീകരിച്ച 24/07/2021-ലെ 11 (1) വിജ്ഞാപനം.

3. കോട്ടയം @ വൈക്കം എൽ എ (കിഫ്ബി) സ്പെഷ്യൽ തഹസിൽദാരുടെ 07/06/2022-ലെ B2-46/2021/KIIFBKTM-ാം നമ്പർ കത്ത്.

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ഏറ്റുമാനൂർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നതിലേക്കായി സൂചന (1) പ്രകാരം റവന്യൂ (ബി) അനുമതി ഉത്തരവ് ലഭിച്ചിരുന്നതാണ്. എന്നാൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ റീസർവ്വെ പിശകുകൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നതാണ്. റീസർവ്വെ പിശക് പരിഹരിച്ചപ്പോൾ സൂചന (1) ഉത്തരവിൽ സൂചിപ്പിച്ചിരുന്ന സർവ്വെ നമ്പർ 21/1, 21/1-1 എന്നിവയ്ക്ക് പകരം റീസർവ്വെ നമ്പർ 21/9 എന്ന സർവ്വെ നമ്പരാണ് ഉൾപ്പെട്ടു വരുന്നത് . ആയതിനാൽ ചുവടെ ചേർക്കുന്ന സർവ്വെ നമ്പർ ഉൾപ്പെടുത്തി റവന്യൂ (ബി) അനുമതി ഉത്തരവ് തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

| താലൂക്ക് | വില്ലേജ് | ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| കോട്ടയം | ഏറ്റുമാനൂർ | 31 | 21/9 | 00.43.23 |

I/142391/2022

കൂടാതെ ടി പദ്ധതിയുടെ 11 (1) വിജ്ഞാപനം സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നതാണ്. ടി പദ്ധതിയുടെ 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി 24/07/2022-ൽ അവസാനിക്കുകയാണ്. ടി ഭൂമിയുടെ 11(1) തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമ പ്രകാരമുള്ള നോട്ടീസ് നൽകി സർവ്വെ നടപടികൾ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ 19 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

DISTRICT COLLECTOR

**Signed by Dr. P K Jayasree Ias**
**Date: 27-06-2022 11:01:20**